**QP CODE** **Enrollment Number: ………………**

**D2004** **Name: ………………………………**

**MA DEGREE EXAMINATIONS, MAY 2025**
**Fourth Semester**
**M.A. Malayalam Language and Literature**
**M21ML12DC – ആധുനികാനന്തര സാഹിത്യസിദ്ധാന്തങ്ങൾ**
**(Supplementary)**
**(2022 admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. കൃതികളിലെ അർഥോല്പാദനത്തെക്കുറിച്ചുള്ള ദറിദയുടെ നിലപാട് എന്തായിരുന്നു?
2. വ്യവഹാരം എന്നാലെന്ത്?
3. ഴാക് ലകാന്റെ ഹോംലെറ്റ് എന്ന സങ്കല്പത്തിന്റെ അർത്ഥമെന്ത്?
4. ലൂയി അൽത്തൂസർ പ്രത്യയശാസ്ത്രം എന്ന പദത്തിന് നല്കുന്ന വിശദീകരണമെന്ത്?
5. വിമർശനത്തിൽ ഹൈബ്രിഡിറ്റി എന്ന ആശയം അവതരിപ്പിച്ചതാരാണ്? എന്താ ണത്?
6. കീഴാളപഠനങ്ങളുടെ മുഖ്യ ലക്ഷ്യമെന്ത്?
7. വെർജീനിയാ വൂൾഫിന്റെ ഒർലാൻഡോ എന്ന നോവലിലെ പ്രധാന ആശയ മെന്ത്?
8. നിശബ്ദവസന്തം എന്ന കൃതിയുടെ ഉള്ളടക്കമെന്ത്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. ഗ്രന്ഥകർത്താവിന് പ്രാധാന്യം നല്കേണ്ടതില്ല എന്ന ആശയത്തെ ബാർത്ത് വിശദീകരിക്കുന്നതെങ്ങനെ?
10. 'ക്രിട്ടിക്കൽ ഡിസ്കോഴ്സ്" -വിശദീകരിക്കുക.
11. സ്വത്വരൂപീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട് ലകാൻ വിശദീകരിക്കുന്ന മൂന്ന് ഇടങ്ങൾ ഏതൊക്കെ?

12. സംസ്കാരവ്യവസായം എന്ന ആശയം വിശദീകരിക്കുക.
13. പാഠത്തിന്റെ ചരിത്രപരതയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഫ്രെഡറിക് ജയിംസന്റെ കാഴ്ചപ്പാട് എന്താണ്?
14. എഡ്വേർഡ് സെയ്ദിന്റെ ഓറിയന്റലിസവുമായി ബന്ധപ്പെട്ട നിലപാടുകൾക്ക് സാഹിത്യനിരൂപണത്തിലുള്ള സ്ഥാനമെന്ത്?
15. നിരാകരണമല്ല സമന്വയമാണ് ഗാന്ധിജിയുടെ ആധുനികതയെക്കുറിച്ചുള്ള നിലപാട് എന്നു പറയുന്നതെന്തുകൊണ്ട്?
16. സ്ത്രീവാദപ്രസ്ഥാനത്തിലെ നാല് തരംഗങ്ങൾ ഏതെല്ലാം?
17. സെക്ഷ്വൽ പൊളിറ്റിക്സ് എന്ന കൃതി അവതരിപ്പിക്കുന്ന പ്രധാന ആശയധാരകൾ എന്തെല്ലാം?
18. മലയാളസാഹിത്യത്തിൽ സൈബർ ഫെമിനിസത്തിന്റെ സ്വാധീനം എത്രത്തോളമുണ്ടെന്ന് വിശദീകരിക്കുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. കൃതിയിൽ എഴുത്തുകാരനുണ്ടായിരുന്ന സമഗ്രാധിപത്യത്തെ തിരസ്കരിക്കുന്ന നിലപാടാണ് സാഹിത്യവിമർശനത്തിൽ റൊളാങ് ബാർത്ത് സ്വീകരിച്ചത്. ഈ അഭിപ്രായത്തെ മുൻനിർത്തി ബാർത്തിന്റെ പ്രധാന വിമർശനസങ്കല്പങ്ങളെ വിശകലനം ചെയ്യുക.
20. മൂന്നാംലോക രാജ്യങ്ങളിലെ പ്രധാന പോസ്റ്റ് കൊളോണിയൽ ചിന്തകന്മാരെയും അവരുടെ പ്രധാന സിദ്ധാന്തങ്ങളെയും കുറിച്ച് വിവരിക്കുക.
21. കീഴാളപഠനത്തിന് അന്റോണിയോ ഗ്രാംഷിയുടെ സംഭാവനകൾ വിവരിക്കുക.
22. പരിസ്ഥിതിവാദത്തിന്റെ അടിത്തറയെന്ത്? സാഹിത്യത്തിൽ അത് എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് വിലയിരുത്തുക.

**(15X2=30)**